(Pages : 4) **S – 5826**

**Reg. No. : .............................**

**Name : .................................**

## First Semester B.A. Degree Examination, October 2023

## First Degree Programme under CBCSS

## Double Main Programme

## English and Malayalam Literatures

## Core Course

## EML 1142 : കേരളപഠനം - 1

## (2020 Admission onwards)

Time : 3 Hours Max. Marks : 80

I. **ഒരു** വാക്കിലോ പരമാവധി രണ്ടു വാക്യത്തിലോ ഉത്തരമെഴുതുക.

1. കേരളത്തിന്റെ ഉത്ഭവത്തെ പുരാവൃത്തകഥയുമായി ബന്ധപ്പെടുത്തി അവതിരിപ്പിക്കുന്ന രണ്ട് ഗ്രന്ഥങ്ങൾ ഏതൊക്കെ?

2. കൊല്ലവർഷം ആരംഭിച്ചത് എന്ന്?

3. സംഘകാലത്തെ പ്രധാനകവയിത്രികൾ ആരൊക്കെ?

4. 'നന്നങ്ങാടികൾ' എന്നാൽ എന്ത്?

5. മെഗസ്തനിസ് ഇന്ത്യയെപ്പറ്റി എഴുതിയ യാത്രാവിവരണഗ്രന്ഥത്തിന്റെ പേരെന്ത്?

6. 'പ്രച്ഛന്ന ബുദ്ധൻ' എന്നറിയപ്പെടുന്നത് ആര്?

7. 'ചിലപ്പതികാരം' എഴുതിയത് ആര്?

P.T.O.

8. ആത്മവിദ്യാസംഘത്തിന് രൂപം നൽകിയത് ആര്?

9. ഐന്തിണകളിൽ 'പാലൈ' എന്തിനെ സൂചിപ്പിക്കുന്നു?

10. ശക്തിഭദ്രന്റെ 'ആശ്ചര്യചൂഡാമണി' ഏത് ക്ഷേത്രകലയുമായി ബന്ധപ്പെട്ടു നിൽക്കുന്നു?

**(10 × 1 = 10 Marks)**

II. ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക. **എട്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

11. 'അകനാനൂറ്', 'പുറനാനൂറ്' എന്നീ കൃതികളിലെ പ്രമേയപരമായ വ്യത്യാസം എന്താണ്?

12. 'കളവ്' 'കർപ്പ്' ഇവയെന്തെന്ന് വ്യക്തമാക്കുക.

13. നെടുംചേരലാതൻ - കുറിപ്പെഴുതുക.

14. കേരളം സന്ദർശിച്ച പ്രധാനപ്പെട്ട വിദേശസഞ്ചാരികൾ ആരൊക്കെ? അവരുടെ കൃതികൾ ചരിത്രനിർമിതിക്ക് സഹായകമാവുന്നതെങ്ങനെ?

15. കൊല്ലവർഷാരംഭത്തെക്കുറിച്ചുള്ള വ്യത്യസ്ത അഭിപ്രായങ്ങൾ ഏവ?

16. കേരളത്തിലെ പ്രധാനപ്പെട്ട ആദിമനിവാസികൾ ആരൊക്കെ? അവരുടെ തൊഴിലും സംസ്കാരവും മുഖ്യധാരയിൽ നിന്ന് എപ്രകാരം വ്യത്യസ്തപ്പെട്ടിരിക്കുന്നു?

17. 'ആട്ടപ്രകാരം', 'ക്രമദീപിക' ഇവയെന്ത്?

18. ക്ഷേത്രകലകൾ എന്നാലെന്ത്? അവയുടെ സ്വഭാവസവിശേഷതകൾ എഴുതുക.

19. 'ആത്മവിദ്യാസംഘം' - കുറിപ്പെഴുതുക.

20. ചൈനയുമായി പ്രാചീനകാലത്ത് കേരളത്തിനുണ്ടായിരുന്ന ബന്ധത്തിന്റെ സ്വാധീനഫലങ്ങൾ എന്തൊക്കെ?

21. ജൈനമതത്തിന് അപചയം സംഭവിക്കാനിടയായ കാരണങ്ങൾ എന്തൊക്കെ?

22. ക്രിസ്ത്യൻ മിഷിണറിമാരുടെ വിദ്യാഭ്യാസപരമായ സംഭാവനകൾ എഴുതുക.

**(8 × 2 = 16 Marks)**

III. **ഒരു** പുറത്തിൽ കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

23. സംഘകാലത്തെ യുദ്ധവും അതുമായി ബന്ധപ്പെട്ട ആചാരങ്ങളും വിവരിക്കുക.

24. 'ഐന്തിണകൾ' എന്നാലെന്ത്? അവ പ്രാചീനകേരളത്തിന്റെ ഭൂപ്രകൃതിയെ എപ്രകാരമാണ് പ്രതിനിധീകരിക്കുന്നത്?

25. വിദേശമതങ്ങൾ കേരളത്തിൽ പ്രചരിച്ചതിന്റെ പശ്ചാത്തലം ചുരുക്കിയെഴുതുക.

26. കേരളവുമായി അറബികളുണ്ടാക്കിയ ബന്ധം ഭാഷയിലും സംസ്കാരത്തിലും എങ്ങനെയൊക്കെയാണ് പ്രതിഫലിച്ചത്? വിശദീകരിക്കുക.

27. ബുദ്ധമതം കേരളത്തിന് നൽകിയ സാംസ്കാരികസംഭാവനകൾ എന്തൊക്കെ?

28. ജന്മിസമ്പ്രദായത്തിന്റെ സവിശേഷതകൾ ചുരുക്കി എഴുതുക.

29. കേരളചരിത്രത്തെയും സംസ്കാരത്തെയും രൂപപ്പെടുത്തുന്നതിൽ തുറമുഖങ്ങൾ വഹിച്ച പങ്ക് വളരെ പ്രധാനപ്പെട്ടതായിരുന്നു? വിശദീകരിക്കുക.

30. അനുഷ്ഠാനകലാരൂപങ്ങൾ എന്നാലെന്ത്? അവയെക്കുറിച്ച് ഒരു ലഘുവിവരണം നൽകുക.

31. ശാസനങ്ങൾ എന്നാലെന്ത്? കേരളത്തിൽ നിന്ന് കണ്ടെത്തിയ ശാസനങ്ങളെക്കുറിച്ച് ലഘുവിവരണം തയ്യാറാക്കുക.

**(6 × 4 = 24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

32. മക്കത്തായ സമ്പ്രദായം, മരുമക്കത്തായ സമ്പ്രദായം എന്നീ ദായക്രമങ്ങൾ കേരളത്തിൽ എപ്രകാരം സ്വീകരിക്കപ്പെട്ടുവെന്ന് വിശദീകരിക്കുക.

33. ഉപാദാനങ്ങൾ എന്നാലെന്ത്? ചരിത്രനിർമിതിയിൽ അവയ്ക്കുള്ള പ്രാധാന്യം ഉദാഹരണസഹിതം വിശദീകരിക്കുക.

34. സംഘകാലത്തെ ജീവിതം, സാഹിത്യം, സംസ്കാരം എന്നിവയെക്കുറിച്ച് വിശദീകരിക്കുക.

35. കേരളത്തിലെ ജാതിസമ്പ്രദായത്തെപ്പറ്റി ഉപന്യസിക്കുക.

**(2 × 15 = 30 Marks)**

---